# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.880 20.03.2013-ൽ മറുപടിക്ക്**

## പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ മുമ്പ് ഉൾപ്പെടുത്തിയതും ഇപ്പോൾ ഒഴിവാക്കിയതുമായ ചെറുകുന്ന്, കണ്ണപുരം, പട്ടുവം ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ;<br>(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ; | (എ) യും (ബി) യും | പട്ടുവം കുടിവെള്ള പദ്ധതി പ്രകാരം ചെറുകുന്ന് പഞ്ചായത്തിൽ 22 കിലോ മീറ്ററും കണ്ണപുരം പഞ്ചായത്തിൽ 39 കി. മീറ്ററും പട്ടുവം പഞ്ചായത്തിൽ 22 കി. മീറ്ററും പൈപ്പ് ലൈനുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവയുടെ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. വിതരണ ശൃംഖലയുടെ രണ്ടാം ഘട്ട വിപുലീകരണം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപ്പിലാക്കുന്നതാണ്. |
| (സി) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഒന്നാം ഘട്ടത്തിൽ വിഭാവന ചെയ്ത പ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ 2013 മേയ് മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ